**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4043** **27-10-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2024 -ഓടെ ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലമെത്തിക്കുന്ന പദ്ധതിയായ ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടേണ്ടി വരുന്ന വലിയ ബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | attached |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലജീവൻ പദ്ധതിക്കായി പ്രത്യേക സഹായമായി 15% വിഹിതം അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; | (ബി) | attached |
| (സി) | ഇല്ലായെങ്കിൽ പ്രസ്തുത പദ്ധതിക്ക് പ്രത്യേകസഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | attached |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4043

27.10.2021-ൽ മറുപടിക്ക്

## ജലജീവൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| എ) | 2024 -ഓടെ ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലമെത്തിക്കുന്ന പദ്ധതിയായ ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടേണ്ടി വരുന്ന വലിയ ബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ബി) സി) | ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024-ഓട് കൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണ് ജല ജീവൻ പദ്ധതി. സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ 15% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതുണ്ട്. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി പ്രസ്തുത തുക കണ്ടെത്താവുന്നതാണ്. കൂടാതെ ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് 10.08.2020 ലെ GO(Rt) No.4584/2020/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട് (അനുബന്ധം ആയി ചേർത്തിരിക്കുന്നു). |
| ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലജീവൻ പദ്ധതിക്കായി പ്രത്യേക സഹായമായി 15% വിഹിതം അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; | | |
| സി) | ഇല്ലായെങ്കിൽ പ്രസ്തുത പദ്ധതിക്ക് പ്രത്യേകസഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

**ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ജലജീവൻ മിഷൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(സാധാ.)നം. 4584/2020/ധന. തിരുവനന്തപുരം, തീയതി 10/08/2020.

---

**പരാമർശം :** 1) 04/08/2018 തീയതിയിലെ സ.ഉ(അച്ചടി) നം. 119/2018/ധന

2) 08/06/2020 തീയതിയിലെ സ.ഉ(കൈ) നം. 37/2020/ജ.വി.വ

**ഉത്തരവ്**

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും 2024 ഓടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സംയുക്തമായി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയാണ് ജലജീവൻ മിഷൻ. ജലജീവൻ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും നിർവ്വഹണ സംവിധാനം അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തികവർഷത്തേക്ക് 880 കോടി രൂപ പദ്ധതിയടങ്കലിൽ സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുവാൻ അംഗീകാരം നൽകികൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പദ്ധതി നടത്തിപ്പിന്റെ ചുമതല പ്രധാനമായും നൽകിയിരിക്കുന്നത് ഗ്രാമപഞ്ചായത്തുകൾക്കാണ്. സംസ്ഥാന സർക്കാർ വിഹിതത്തിനു പുറമേ 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഉപഭോക്തൃ വിഹിതവും സമാഹരിക്കേണ്ടതുണ്ട്. ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ഭരണ വകുപ്പ് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളനുസരിച്ച് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ട്/പദ്ധതികളുമായി ചേർത്ത് വിനിയോഗിക്കുവാൻ കഴിയുന്നതല്ല. ഈ സാഹചര്യത്തിൽ, ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ. എസ്. ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
4. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. ബഹു. മന്ത്രിമാരുടേയും ബഹു. പ്രതിപക്ഷ നേതാവിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
7. എല്ലാ എം.എൽ.എ മാർക്കും
8. എല്ലാ ജില്ലാ കളക്ടർമാർക്കും
9. ട്രഷറി ഡയറക്ടർക്ക്
10. നഗരകാര്യ വകുപ്പ് ഡയറക്ടർക്ക്
11. പഞ്ചായത്ത് ഡയറക്ടർക്ക്
12. എല്ലാ ട്രഷറി ഓഫീസർമാർക്കും
13. തദ്ദേശ സ്വയംഭരണ വകുപ്പ്
14. ജല വിഭവ വകുപ്പ് (Uo(f)No.WS-C3/285/2019/WRD പ്രകാരം)
15. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പ് [NC-B3/53/2020-FIN, E-1546108]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ